# രാജർഷി

| പുസ്തകം ൪ | മീനം | ലക്കം ൪ |
|---|---|---|

## മംഗളം.

—*—

മംഗളദായകാ, മംഗളരൂപാ, സ-
ന്മംഗളമേകുക മംഗളാത്മൻ!
പാവനമൂർത്തേ, നിൻപാദം പണിയുമെൻ
പാപങ്ങൾ പോക്കുക തമ്പുരാനേ!
ത്യാഗധനംകൊണ്ടു മാതൃഭൂസേവയ്ക്കു
യോഗം വരുത്തുക വേദവേദ്യൻ!
സക്തിയല്ലാർക്കുമേ മുക്തി ലഭിക്കുവാൻ
ഭക്തിയാണെന്നുള്ള സത്യബോധം
നിത്യമുദയംചെയ്തീടുകിൽ സൽക്കൃത
കൃത്യനായ്ത്തിരാൻ മറെറന്തുവേണം!
ഭക്തിതൻ പാവനവേദിയിൽ സർവ്വസ-
മർപ്പണംചെയ്തു സായൂജ്യം നേടാൻ
ശക്തിയരുളുക സർഗ്ഗസ്ഥിതിലയ-
കർത്താവേ, നിത്യം വണങ്ങീടുന്നേൻ.

വിദ്വാൻ, പുഴങ്കര നാരായണമേനോൻ.

ജ്യോതിശ്ശാസ്ത്രം

## അഹർമ്മാനസംസ്കാരനിരൂപണം.

### I.

പഞ്ചാംഗം ജാതകം മുതലായവ ഗണിക്കുന്നേടത്തു സൂര്യ്യാദി ഗ്രഹങ്ങളുടെ സ്ഫുടങ്ങൾ വരുത്തുമ്പോൾ അഹർമ്മാനകലകളെ സംസ്കരി

പ്പാൻ പഞ്ചബോധം തുടങ്ങിയ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ അഹർമ്മാനസംസ്കാരത്തെപ്പററി നിരൂപണം ചെയ്യുന്നതു ഗണകന്മാൎക്കു ഉപയോഗപ്രദമായതിനാൽ, അഹർമ്മാനസ്വരൂപവും, തദാനയനാദിയുടെ യുക്തിയും, യുക്തിഭാഷാദികളിൽനിന്നു ഗ്രഹിച്ചപ്രകാരം, ഗുരുക്കന്മാരെ വന്ദിച്ചു നിരൂപണംചെയ്യുന്നു—

അഹർമ്മാനമെന്നതു, തൽകാലസൂൎയ്യന്റെ ഭുജാഫലവും, തൽകാലസായനസൂൎയ്യനിൽനിന്നു വരുത്തിയ ചരവും യോഗത്തേയോ അന്തരത്തേയോ അതാതു ഗ്രഹത്തിന്റെ മദ്ധ്യഗതികൊണ്ടോ സ്ഫുടഗതികൊണ്ടോ ഗുണിച്ചു, ദിവസാസുക്കളെകൊണ്ടു ഹരിച്ചുവരുന്ന കലാദിയാണ്. ദൃൿപക്ഷത്തിങ്കൽ തൽകാലസായനസൂൎയ്യനിൽനിന്നു വരുത്തിയ പ്രാണകലാന്തരവുംകൂടി അഹർമ്മാനസാധനത്തിൽ ഉൾപ്പെട്ടിരിക്കും എന്നു മാത്രമേ വിശേഷമുള്ളു.

ഇനി ഈ അഹർമ്മാനസംസ്കാരത്തിന്റെ പ്രയോജനവും, അഹർമ്മാനം വരുത്തുന്നേടത്തെ യുക്തിയും ചിന്തിക്കാം—ഗ്രഹമദ്ധ്യമങ്ങളെ വരുത്തുന്നതു ഇഷ്ടാഹൎഗ്ഗണത്തെ, അതാതു ഗ്രഹങ്ങളുടെ യുഗപൎയ്യയം കൊണ്ടു ഗുണിച്ചു യുഗഭൂദിനംകൊണ്ടു ഹരിച്ചാണല്ലോ. അപ്പോൾ വരുന്ന മദ്ധ്യമങ്ങൾ ലങ്കയിലെ സാവനദിനാരംഭത്തുങ്കലേക്കുള്ളവയായിട്ടാണ്, ത്രൈരാശികന്യായംകൊണ്ടു സിദ്ധിക്കുന്നത്. ലങ്ക സ്വദേശമല്ലാത്തവൎക്കു സ്വദേശോദയവും ലങ്കോദയവും ഭൂമി ഗോളാകൃതിയായതുകൊണ്ടു തുല്യകാലത്തിൽ സംഭവിപ്പാൻ തരമില്ല. എല്ലാവരും ഗ്രഹമദ്ധ്യമങ്ങളെയും ഗ്രഹസ്ഫുടങ്ങളേയും വരുത്തുന്നതു സ്വദേശോദയാസ്തമനാദികാലങ്ങളിലേക്കുമാണ്. അതുകൊണ്ടു, ലങ്കോദയാസ്തമയാദി കാലങ്ങളിലേക്കു വരുന്ന ഗ്രഹമദ്ധ്യമാദികളെ ചരസംസ്കാരംകൊണ്ടും ദേശാന്തരസംസ്കാരംകൊണ്ടുമാണ് സ്വദേശോദയാദി കാലങ്ങളിലേക്കാക്കുന്നതു്. ദേശാന്തരസംസ്കാരം അഹർമ്മാനസംസ്കാരത്തിൽ പെട്ടതല്ല. അതിനാൽ അതിനെ വിടുന്നു.

ലങ്കയിൽതന്നെയും ത്രൈരാശികാനീതങ്ങളായ സൂൎയ്യാദിമദ്ധ്യമാദികൾ സൂൎയ്യോദയസമയമായ സാവനദിനാരംഭത്തുങ്കലേക്കുള്ളതല്ല സിദ്ധിക്കുന്നതു്. എന്തുകൊണ്ടെന്നാൽ-യുഗഭൂദിനങ്ങളെല്ലാം തുല്യസംഖ്യങ്ങളായ പ്രാണങ്ങളോടുകൂടിയവയായിരുന്നുവെങ്കിൽ, മദ്ധ്യമാദി ലങ്കോദയത്തിലേക്കുതന്നെ സിദ്ധിക്കുമായിരുന്നു. പക്ഷേ അവ പരസ്പരം തുല്യപ്രാണങ്ങളല്ല. എങ്ങിനെയെന്നാൽ-ആദിത്യന്റെ സ്ഫുടഗതികൊണ്ടോ

ണു് ഉദയാസ്തമനങ്ങൾ സംഭവിക്കുന്നതു്. അല്ലാതെ മദ്ധ്യഗതികൊണ്ടല്ല. മദ്ധ്യഗതി എന്നും അമ്പത്തൊമ്പതിൽചില്വാനം കലകളായിരിക്കും. എന്നാൽ സ്ഫുടഗതി പ്രായേണ ചില കാലത്തു ഇതിൽനിന്നു ഏറിയും, ചില കാലത്തു കുറഞ്ഞും വരും. ഇരുപത്തോരായിരത്തറുനൂറു പ്രാണകാലംകൊണ്ടു ഗ്രഹനക്ഷത്രഗോളം ഒരുവട്ടം പരിവൎത്തനം ചെയ്യും. അശ്വിന്യാദി നക്ഷത്രങ്ങളുടെ ഉദയാദ്ധ്യുദയാന്തകാലവും ഇതുതന്നെയാണു്. എന്നാൽ സൂൎയ്യമദ്ധ്യമം ഇതിൽ അമ്പത്തൊമ്പതിൽ ചില്വാനം പ്രാണകാലവും കൂടി കഴിഞ്ഞേ ഉദിക്കുകയുള്ളു. അതുകൊണ്ടു മദ്ധ്യസാവനദിനങ്ങൾ ശരാശരി ഇരുപത്തോരായിരത്തറുനൂററിഅമ്പത്തൊമ്പതിൽ ചില്വാനം പ്രാണങ്ങൾ എന്നു കല്പിച്ചാലുണ്ടാകുന്ന സൂൎയ്യഗതിയാണു് മദ്ധ്യഗതിയെന്നു പറയപ്പെടുന്നതു്. ഒരു പൎയ്യയത്തിൽ ആദിത്യന്റെ മദ്ധ്യഗതികലകളും സ്ഫുടഗതികലകളും തുല്യസംഖ്യങ്ങളായിട്ടും വരും. അതുകൊണ്ടു ത്രൈരാശികാനീതങ്ങളായ സൂൎയ്യാദിമദ്ധ്യമങ്ങൾ, രവിമദ്ധ്യമോദയദ്വയാന്തരസ്ഥപ്രാണതുല്യങ്ങളായ മദ്ധ്യസാവനദിനങ്ങളുടെ ആരംഭകാലമായ രവിമദ്ധ്യമോദയത്തിങ്കലേക്കുള്ളവയാണു് സിദ്ധിക്കുക. അവയെ സ്ഫുടസാവനാരംഭത്തിലേക്കു മാററുവാനാണു്, ഭുജാഫലകലാസംഖ്യങ്ങളായ പ്രാണങ്ങളെകൊണ്ടു സിദ്ധിക്കുന്ന ഗതികലകളെ സംസ്കരിക്കുന്നതു്. എപ്രകാരം എന്നാൽ—ആദിത്യൻ മന്ദോച്ചത്തിൽ ചെന്നിരിക്കുമ്പോൾ സ്ഫുടമദ്ധ്യമങ്ങൾ തുല്യകാലത്തിൽ ഉദിക്കും. അപ്പോൾ സൂൎയ്യന്റെ ഗതി ഏററവും മന്ദമായതുകൊണ്ടു സൂൎയ്യൻ, പിറേറ ദിവസം മദ്ധ്യമം ഉദിക്കുന്നതിന്നു മുമ്പുതന്നെ ഉദിക്കും. അതാതു ദിവസത്തെ ഭുജാഫലം എത്ര ഇലിയുണ്ടോ, മദ്ധ്യമോദയത്തിൽനിന്നു അത്ര പ്രാണകാലം മുമ്പായിരിക്കും സൂൎയ്യബിംബം ഉദിക്കുക. മന്ദോച്ചത്തിങ്കൽനിന്നു രാശ്യഷ്ടമാംശത്തെ മദ്ധ്യമം പ്രാപിച്ചിരിക്കുമ്പോൾ അന്നത്തെ ഭുജാഫലം എട്ടായതുകൊണ്ടു, മദ്ധ്യമോദയത്തിങ്കൽനിന്നു എട്ടു പ്രാണകാലം മുമ്പുദിക്കും. മന്ദോച്ചത്തിങ്കൽനിന്നു മൂന്നു രാശി മദ്ധ്യമംചെന്നാൽ, അന്ത്യഭുജാഫലസംഖ്യയായ ഒരുനൂററിരുപത്തൊമ്പതു പ്രാണകാലംമുമ്പു സൂൎയ്യൻ ഉദിക്കും. പിന്നെ ഭുജാഫലം കുറഞ്ഞുകുറഞ്ഞുവരുന്തോറും, പ്രാണകാലവും കുറഞ്ഞു കുറഞ്ഞു മന്ദനീചത്തിൽ മദ്ധ്യമം എത്തുമ്പോൾ മദ്ധ്യമസ്ഫുടങ്ങൾ തുല്യകാലത്തിൽ ഉദിക്കും. എങ്ങിനെയെന്നാൽ—ഒരു ദിവസം സൂൎയ്യന്റെ മദ്ധ്യമസ്ഫുടങ്ങൾ ഒന്നിച്ചു ലങ്കയിൽ ഉദിച്ചാൽ പിന്നെ ഒരു മദ്ധ്യസാവനദിനകാലം കഴിഞ്ഞേ ആ സൂൎയ്യമദ്ധ്യമം, ലങ്കയിൽ ഉദിക്കയുള്ളു. എന്നാൽ സ്ഫുടം അങ്ങിനെയല്ല. അന്നത്തെ സ്ഫുടമദ്ധ്യമങ്ങ

ളുടെ ഗത്യന്തരകല എത്രയുണ്ടോ, മദ്ധ്യമോദയാൽപൂൎവ്വം അത്ര പ്രാണങ്ങൾക്കു മുമ്പുതന്നെ സ്ഫുടഗതി മന്ദമായ കാലത്തു സൂൎയ്യൻ ലങ്കയിൽ ഉദിക്കും. എല്ലാ ദിവസവും ഈവണ്ണമാകയാൽ, മദ്ധ്യമസ്ഫുടോദയാന്തരകാലം കൂടിക്കൂടി വരും. ഉച്ചത്തിൽനിന്നു മദ്ധ്യമം മൂന്നു രാശി ചെല്ലുന്നതുവരെ ഇപ്രകാരമാണ്, പിന്നെ മദ്ധ്യമഗതിയേക്കാൾ സ്ഫുടഗതി ക്രമേണ കൂടിക്കൂടി വരും. അപ്പോൾ അതാതുദിവസത്തെ സ്ഫുടഗതിയുടേയും മദ്ധ്യഗതിയുടേയും അന്തരകലകളോളം പ്രാണങ്ങൾ, അന്ത്യഭുജാഫലകലാസംഖ്യങ്ങളായ പ്രാണങ്ങളിൽനിന്നു ക്രമേണ കുറഞ്ഞുകുറഞ്ഞു, മന്ദനീചത്തിലെത്തുമ്പോഴെക്കും, മദ്ധ്യമസ്ഫുടങ്ങൾ ഒന്നിച്ചുകൂടും. ഇതുവരെ മദ്ധ്യമം മുമ്പും സ്ഫുടം പിമ്പുമായിരുന്നു. ഇനി സ്ഫുടം മുമ്പും മദ്ധ്യമം പിമ്പുമായാണ് സഞ്ചരിക്കുന്നതു്. അതുകൊണ്ടു മദ്ധ്യമോദയത്തിന്നുശേഷമാണ് സ്ഫുടോദയം. അതുകൊണ്ടു സ്ഫുടോദയത്തിന്നുള്ള പ്രാണകാലവും കൂടിക്കൂടി വരും പിന്നെ മൂന്നു രാശി ചെല്ലുന്നതുവരേക്കും. പിന്നെ കുറഞ്ഞുകുറഞ്ഞുവന്നു മന്ദോച്ചത്തിൽ വരുമ്പോഴെക്കും മദ്ധ്യമസ്ഫുടങ്ങൾ ഒന്നിച്ചു വരും. ഇതിൻെറ ന്യായം മദ്ധ്യമം മുമ്പു നില്ക്കുമ്പോഴത്തെ ന്യായംപോലെതന്നെ—

ഇങ്ങിനെയിരിക്കയാൽ അതാതു ദിവസത്തെ രവി ഭുജാഫലകലാസംഖ്യയോളം പ്രാണങ്ങൾക്കുള്ള അതാതുഗ്രഹത്തിൻെറ മദ്ധ്യമഗതി അതാതു മദ്ധ്യമത്തിൽ, ഭുജാഫലത്തിൻെറ ധനൎണ്ണതയനുസരിച്ചു സംസ്കരിച്ചേ, ലങ്കയിലെ രവിമദ്ധ്യമോദയത്തിന്നു സിദ്ധിച്ച മദ്ധ്യമങ്ങൾ സ്ഫുടമദ്ധ്യമങ്ങളാവുകയുള്ളുവെന്നു വന്നുകൂടി. ഈ സംസ്കാരം രവിഭുജാഫലസംസ്കാരമെന്നാണ് പറയപ്പെടുന്നതു്. ഇത എല്ലായിടങ്ങളിലും എല്ലാ മദ്ധ്യമസ്ഫുടങ്ങളിലും ഒഴിച്ചുകൂടാത്തതുമാണ്.

ഇനി ലങ്കയിൽനിന്നു തെക്കും വടക്കും സ്വദേശമായ ആളുകൾക്കു ലങ്കയിലെ സ്ഫുടോദയത്തിന്നു സിദ്ധിച്ച മദ്ധ്യമാദി സ്വദേശസ്ഫുടോദയത്തുങ്കലേക്കാകുവാൻ വേറെയൊരു സംസ്കാരവും കൂടി വേണ്ടതുണ്ട്. അതിന്നാണ് ചരസംസ്കാരമെന്ന പേർ. അവിടെ ആദ്യം ചരം എന്നതെന്ത്? എന്ന് നിരൂപണംചെയ്യാം. ലങ്കയിൽ സൂൎയ്യൻ ഉദിക്കുന്നേടത്തും അസ്തമിക്കുന്നേടത്തും ദക്ഷിണോത്തരധ്രുവങ്ങളിലും സ്പൎശിക്കുമാറു ഭൂപാൎശ്വത്തിലായി ഭഗോളത്തിൽ ഒരു വൃത്തം കല്പിപ്പൂ. അതിന്നു ലങ്കാക്ഷിതിജം എന്നുപേർ. ഈവണ്ണം സ്വദേശത്തുങ്കലും ഒരു വൃത്തം കല്പിപ്പൂ. അതിന്നു സ്വദേശക്ഷിതിജമെന്നും പേർ. പക്ഷേ ഈ വൃത്തം ഉത്തരധ്രുവത്തുങ്കലും ദക്ഷിണധ്രുവത്തുങ്കലും സ്പൎശിക്കില്ല. സൂൎയ്യൻെറ ഉദയാസ്തമയ

പ്രദേശങ്ങളിലേ സ്പർശിക്കയുള്ളു. എങ്കിലും സ്വദേശത്തു ഭൂമിയുടെ പാർശ്വത്തിൽ ഭഗോളത്തിലായിരിക്കുകയും ചെയ്യും. ലങ്കയിൽനിന്നു വടക്കുള്ള ഭൂമിയുടെയും ഭഗോളത്തിന്റെയും അർദ്ധങ്ങൾക്കു ഉത്തരഗോളമെന്നും, തെക്കുള്ളവററിന്നു ദക്ഷിണഗോളമെന്നും വ്യവഹാരമുണ്ട്. സ്വദേശങ്ങൾ അസംഖ്യങ്ങളായതുകൊണ്ടു സ്വദേശക്ഷിതിജങ്ങളും അസംഖ്യങ്ങളാണ്. ഉത്തരഗോളത്തിലെ സ്വദേശക്ഷിതിജങ്ങളെല്ലാം ഉത്തരഗോളസ്ഥമായ ലങ്കാക്ഷിതിജാർദ്ധത്തേക്കാൾ താഴ്ന്നും, ദക്ഷിണഗോളസ്ഥമായ ലങ്കാക്ഷിതിജാർദ്ധത്തേക്കാൾ ഉയർന്നും ഇരിക്കും. ദക്ഷിണഗോളത്തിലുള്ള സ്വദേശക്ഷിതിജങ്ങൾ ദക്ഷിണഗോളസ്ഥമായ ലങ്കാക്ഷിതിജാർദ്ധത്തേക്കാൾ താഴ്ന്നും, ഉത്തരഗോളസ്ഥമായതിനേക്കാൾ ഉയർന്നും ഇരിക്കുമെന്നതു് വിശേഷമാകുന്നു. ലങ്കക്കു നേരേ കിഴക്കും പടിഞ്ഞാറും സകലസ്വദേശക്ഷിതിജങ്ങളും ലങ്കാക്ഷിതിജത്തെ സ്പർശിച്ചിരിക്കുകയും ചെയ്യും. ഈവണ്ണമാകയാൽ സ്വദേശക്ഷിതിജങ്ങളുടെ ലങ്കാക്ഷിതിജസംപാതത്തുങ്കൽനിന്നു ലങ്കാക്ഷിതിജത്തോടുള്ള അകൽച്ചയും ക്രമത്തിൽ കൂടിക്കൂടി വരും. പിന്നെ ആദിത്യൻ, സ്വദേശക്ഷിതിജത്തിൽ കിഴക്കു സ്പർശിക്കുമ്പോൾ ഉദിക്കും. പടിഞ്ഞാറു സ്പർശിക്കുമ്പോൾ അസ്തമിക്കും. അതാതു ദിവസത്തെ ആദിത്യന്റെ സ്വാഹോരാത്ര വൃത്തങ്ങൾ സ്വദേശക്ഷിതിജത്തുങ്കലും, ലങ്കാക്ഷിതിജത്തുങ്കലും, പൂർവ്വാപരദിക്കുകളിലായി ഈരണ്ടു ദിക്കുകളിൽ സ്പർശിച്ചിരിക്കും. ആദിത്യന്റെ സ്വാഹോരാത്രവൃത്തത്തിന്റെ, സ്വദേശക്ഷിതിജലങ്കാക്ഷിതിജസമ്പാതങ്ങളുടെ അന്തരാളത്തിലുള്ള, പരിധിഭാഗമാണ് സായനസൂർയ്യനിൽനിന്നു വരുത്തുന്ന ചരമാകുന്നതു്.

കെ. വി. കൃഷ്ണവാരിയർ.

## ശ്രീകൃഷ്ണാഷ്ടകം.

ശ്രിയമിഹ നിർമ്മലാം മമ തു ദേവ വിധേഹി രമാ-
രമണ, മുനീശ്വരൈഃ പ്രണതപാദ, ദയാർദ്രമനാഃ
ഗുരുമരുദാലയേ കൃതനിവാസമനന്തഗുണം
ഹരിമജിതം ഭവന്തമയി കൃഷ്ണ സദാപി ഭജേ.

2

ഘനഘനകാന്തിമന്തരഘപാവകശാന്തികരം
സുമധുരവേണുനാദപരി(രസ)ഹർഷിതഗോപഗണം
ഇഹ മരുദാലയേ സ്ഫുടനിരീക്ഷ്യതയം ലസിതം
പരമ ഭജേ ഭവന്തമയി കൃഷ്ണ ഭയാദവ മാം.

3

കനകമയാംബരം മണിവിഭൂഷണഭാസുരിത-
സ്വതനുരുചം പയോദമിവ ശക്രധനുസ്ഫുരിതം
മൃദുളപദാർപ്പണക്രമചലാചലബർഹശിഖം
ഹസിതസരോജപത്രപരിഹാസിവിലോലദൃശം

4

വിസമൃദുളാംഗുലീനിയമിതസ്വരവേണുരവ-
ദ്രുതഹൃദയൈർവ്വൃതം സപശുഭിഃ പശുപൈശ്ച രസാൽ
വിവിധവിലാസലാലസമനശ്ച കളിന്ദസുതാ-
പുളിനസമീപഗോചരവനാന്തരഭൂഷു ചിരം,

5

അയി ഭഗവൻ, ഭവന്തമമരേന്ദ്രവിധാതൃമുഖൈ-
ർജ്ജഗദധിപൈരഭിഷ്ടുതമപേതമദൈഃ പ്രണതൈഃ
ദുരവഗമപ്രഭാവമപി ഗോപവപുഃ പ്രണമഃ
പവനപുരേശ കൃഷ്ണ കുരു നഃ കുശലാനി ഹരേഃ!

6

അതിഭയമംഹസാം പടലമാശു മനോനിലയം
ദയമപസാരയാമി ബഹുശഃ സ്മരണോപനതൈഃ
അമൃതരസൈരിവേശ്വരഭവച്ചരിതൈർമ്മഹിതൈ-
ർമ്മയി ഭവ കൃഷ്ണ വാതപുരനാഥ ദയാലുരലം.

7

ത്വമസി രജോഗുണപ്രചുരവിശ്വകരസ്സ വിധി-
സ്ത്വവികലസത്വഭൃദ്ധരിരശേഷമവൻ ഭുവനം
ധൃതതമസാം ഹ്രിയേത ച ശിവേന ജഗൽ ഭവതാ
ജയ ജയ കൃഷ്ണ വാതപുരവാസ ചിദേകരസ!

8

ഭവസി ച വിശ്വദൃക്തനുഭൃതാമിഹ ചിത്തഗത-
സ്സകലപുമർത്ഥദോപ്യസി നിയാമക ഈശതയാ
തമിഹ ഭവന്തമന്തരജിത ശ്രിയ ഏക പതിം
ശരണമുപൈമി കൃഷ്ണ പവമാനപുരേശ ഹരേ!

പഴവിൽ. ഇ. കൃഷ്ണവാരിയർ.

# അലങ്കാരവിചാരം.

## III.

ഉപമ ഉൽപ്രേക്ഷ അതിശയോക്തി മുതലായവ സാഹിത്യത്തിൽ പ്രസിദ്ധങ്ങളും പ്രധാനങ്ങളും ആയ അലങ്കാരങ്ങളാകുന്നുവല്ലൊ. എന്തെങ്കിലും ഒരു കാൎയ്യം പറയുമ്പോൾ ഉദാഹരണംകൊണ്ട് അതിനെ സമൎത്ഥിക്കുക എന്നതു ലോകവ്യവഹാരത്തിൽ സാധാരണമാകുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു വക്താവിനു പ്രതിപാദനത്തിനും ശ്രോതാവിനു ആശയഗ്രഹണത്തിനും സൌകൎയ്യം കൂടുതലായി കിട്ടുന്നു. ദുൎഗ്ഗ്രഹമായ ഒരു (ഗഹന)വിഷയത്തെ യുക്തമായ ഉദാഹരണംകൊണ്ടു ശ്രോതാവിനെ എളുപ്പത്തിൽ ഗ്രഹിപ്പിക്കുവാൻ സാധിക്കും. അത്രതന്നെയുമല്ല ആശയത്തിനു സാരസ്യവും കൈവരും. സൌന്ദൎയ്യത്തെ വൎണ്ണിക്കുമ്പോൾ മുഖം ചന്ദ്രനേയും കേശം മേഘത്തേയും നിറം സ്വൎണ്ണത്തേയും പോലെ ശോഭിക്കുന്നു എന്നു പറയാറുണ്ട്. സുഖപ്രദവും വിശിഷ്ടവും ആയ ഒരു സ്ഥലമോ നഗരമോ കണ്ടാൽ അവിടം സ്വൎഗ്ഗമെന്നു വൎണ്ണിക്കുന്നു. അതുപോലെ ദുഃഖകരവും നികൃഷ്ടവും ആയ ദേശത്തെ നരകം എന്നു പറയുന്നതും പതിവാണ്. ഈ മാതിരി സന്ദൎഭങ്ങളിൽ ഒരു വസ്തുവിനെ മറെറാന്നിനോടു സദൃശമായി കല്പിക്കുന്നതുകൊണ്ടു ഉപമാലങ്കാരം സിദ്ധമായിരിക്കുന്നു എന്നു കാണാം. സ്ഥൂലവിഗ്രഹനായ ഒരുത്തനെ തടിയൻ, ക്രൂരൻ മലപോലെയിരിക്കുന്നവൻ എന്നെല്ലാം വൎണ്ണിക്കാറുണ്ട്. മാധുൎയ്യം അധികമായി അനുഭവപ്പെടുന്ന വസ്തുക്കളെ അമൃതമെന്നു വ്യവഹരിക്കുന്നു. ഇത്തരം വ്യവഹാരങ്ങളിൽ അതിശയോക്തിക്കത്രേ സ്ഥാനം. ജനങ്ങളുടെ വ്യവഹാരത്തിൽ സാമാന്യത്തിലധികം സ്ഥാനം ലഭിച്ചിരിക്കുന്ന ഒന്നാണ് ഈ അലങ്കാരം. ഏതു കാൎയ്യം പറയുമ്പോഴും തങ്ങൾക്കു അതിനോടു സിദ്ധമായിരിക്കുന്ന ഇഷ്ടത്തേയും അനിഷ്ടത്തെയും ആസ്പദമാക്കി യഥോചിതം അതിശയോക്തി കലൎത്തുവാൻ ജനങ്ങൾക്കു പ്രത്യേകം വാസനയുണ്ട്. ഇപ്രകാരം വിചാരിക്കുന്നതായാൽ പ്രധാനങ്ങളായ അലങ്കാരങ്ങൾ സൎവ്വവും ലോകവ്യവഹാരത്തിൽ ഉപയോഗിച്ചുവരുന്നവയാകുന്നു എന്നു തെളിയും. സാരസ്യവും വികാസവും സംസ്കാരവും കുറവായിരിക്കുന്നതുകൊണ്ടു അവയ്ക്കു സാഹിത്യദൃഷ്ട്യാ അലങ്കാരത്വം ഇല്ലെന്നു സിദ്ധംതന്നെ. എന്നാൽ അത്രമാത്രംകൊണ്ട് അവ സാഹിത്യത്തിലെ അലങ്കാരങ്ങൾക്കു മൂലമല്ലെന്നു വരുന്നതല്ല. പ്രാകൃതവും വിരസവും ആയ ലൌകികാലങ്കാരത്തെ പരിഷ്കരിച്ചു

സരസമാക്കുമ്പോൾ അതു സാഹിത്യാലങ്കാരമായിത്തീരുന്നു. ലോകത്തിലേയും സാഹിത്യത്തിലേയും അലങ്കാരങ്ങൾക്ക് ഇതത്രേ പ്രധാനമായ വ്യത്യാസം. ഭാഷയ്ക്കു സാരസ്യവും ഭംഗിയും വരുത്തുന്നതിനുള്ള ആഗ്രഹവും വാസനയും ജനങ്ങൾക്കു ജന്മസിദ്ധമെന്നും തൽഫലമായി അവർ നിത്യവ്യവഹാരത്തിൽ പലവിധം അലങ്കാരങ്ങൾ ഉപയോഗിക്കാറുണ്ടെന്നും അവയെ ആണു പിന്നീടു കവികൾ പരിഷ്കരിച്ചു സാഹിത്യാലങ്കാരങ്ങളായി കൈക്കൊണ്ടിരിക്കുന്നതെന്നും ഇത്രയും പ്രതിപാദിച്ചതിൽനിന്നു വിശദമാകുമെന്നു വിശ്വസിക്കുന്നു.

ലോകത്തിലും സാഹിത്യത്തിലും ഉപയോഗിച്ചുവരുന്ന അലങ്കാരങ്ങളുടെ മൂലം സൂക്ഷ്മത്തിൽ ഒന്നുതന്നെയെങ്കിലും പ്രതിപാദനരീതിയുടെ വൈചിത്ര്യംകൊണ്ടും രസഗതമായ പ്രാധാന്യംകൊണ്ടും അവ രണ്ടും രണ്ടെന്ന നിലയിൽ ആയിത്തീർന്നിട്ടുണ്ട്. പശു ഗവയമൃഗംപോലെയിരിയ്ക്കും; തൂണു കണ്ടാൽ പുരുഷനോ എന്നു തോന്നും; രാമനേക്കണ്ടാൽ കൃഷ്ണൻെറ സ്മരണവരും; പിതാവും പുത്രനും കൂടി വരുന്നു; എന്നിങ്ങനെയുള്ള വ്യവഹാരങ്ങൾ ലോകത്തിൽ സുലഭങ്ങളാണ്. എന്നാൽ ഇവയെ ഉപമാദ്യലങ്കാരങ്ങളായി ഗണിക്കുക പതിവില്ല. കാരണം പ്രതിപാദന വൈശിഷ്ട്യവും രസസിദ്ധിയും ഇവയ്ക്കു് ഇല്ലായ്കയത്രേ. കവിമാത്രസാദ്ധ്യങ്ങളായ ചില കല്പനകളുടെ സമ്പർക്കംകൊണ്ടല്ലാതെ ഈ ഗുണങ്ങൾ ലഭിക്കുന്നതല്ല. അതുകൊണ്ടു ലോകാലങ്കാരങ്ങൾക്കു സാഹിത്യാലങ്കാരങ്ങളുടെ ഛായാഭാസം മാത്രമേ സിദ്ധിച്ചിട്ടുള്ളു എന്നു ഗ്രാഹ്യം.

സാഹിത്യത്തിൽ പ്രധാനങ്ങളും അപ്രധാനങ്ങളും ആയി അനേകം അലങ്കാരങ്ങൾ ഉണ്ട്. അപ്പയ്യാദീക്ഷിതരുടെ പ്രസിദ്ധമായ കുവലയാനന്ദത്തിൽ ഉപമ, അനന്വയം, ഉപമേയോപമ, പ്രതീപം, രൂപകം, പരിണാമം, ഉല്ലേഖം, സ്മൃതി, ഭ്രാന്തി, സന്ദേഹം, അപഹ്നുതി, ഉൽപ്രേക്ഷ, അതിശയോക്തി, തുല്യയോഗിത, ദീപകം, ദൃഷ്ടാന്തം, വ്യതിരേകം, സഹോക്തി, വിനോക്തി, സമാസോക്തി, പരികരം, ശ്ലേഷം, വ്യാജസ്തുതി, വിരോധാഭാസം, വിഭാവന, വിഷമം, ഏകാവലി, സമാധി, പ്രൌഢോക്തി, മുദ്ര, രത്നാവലി, തൽഗുണം, സ്വഭാവോക്തി മുതലായി നൂററിയിരുപത്തിനാലു (൧൨൪) അലങ്കാരങ്ങളെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. അലങ്കാരങ്ങളുടെ എണ്ണത്തിൻെറ കാര്യത്തിൽ ശാസ്ത്രജ്ഞന്മാർക്കു യോജിപ്പു വളരെ കുറവാണ്. എന്നാൽ അതു ഒരു സാരമായ ദോഷമല്ല. ആചാര്യന്മാർ അലങ്കാരങ്ങളുടെ ധർമ്മങ്ങളിൽ ചിലവയെ യഥേഷ്ടം

തള്ളുകയുംകൊള്ളുകയും ചെയ്യാം. അപ്പോൾ തദനുസരണം അലങ്കാരങ്ങളുടെ സംഖ്യ കൂടിയും കുറഞ്ഞും ഇരിക്കും. ധർമ്മത്തിൽ അത്യല്പമായ വ്യത്യാസത്തെ ചിലർ നിസ്സാരമായും മററു ചിലർ സാരമായും ഗണിക്കുന്നതും എണ്ണത്തിൽ കൂടുതലും കുറവും കാണുന്നതിനു കാരണമാകുന്നു. സൂക്ഷ്മമായ വ്യത്യാസത്തെ സാരമായി വിചാരിച്ചിരിക്കുന്നതുകൊണ്ടാണ് കുവലയാനന്ദത്തിൽ അലങ്കാരങ്ങളുടെ എണ്ണം കൂടി നില്ക്കുന്നതു.

അലങ്കാരങ്ങളുടെ സംഖ്യ സാധിക്കുന്നിടത്തോളവും അങ്ങേ അററംവരെ വർദ്ധിപ്പിക്കുന്നതുകൊണ്ടു ശാസ്ത്രത്തിനു സമഗ്രതയും തന്നിമിത്തം പ്രയോജനവും കൂടുതൽ കിട്ടും. നേരേമറിച്ചു അതു കുറയ്ക്കുന്നതായാൽ ഫലവും വിപരീതമായിരിക്കും. അലങ്കാരവിഷയത്തിൽ കുവലയാനന്ദം പൂർണ്ണമായ ഒരു ശാസ്ത്രമാകുന്നു. അതുകൊണ്ടാണ് അതിൽ അലങ്കാരങ്ങളുടെ എണ്ണം അധികമായി കാണുന്നതു്. സംസ്കൃതത്തിൽ എണ്ണമില്ലാതെ അലങ്കാരശാസ്ത്രങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അർത്ഥാലങ്കാരപ്രതിപാദനവിഷയത്തിൽ കുവലയാനന്ദത്തിനു ഒരു പൂർണ്ണതയും വൈശിഷ്ട്യവും വേറെയുണ്ടു്. അതുകൊണ്ടു അതിന് അന്യാദൃശമായ പ്രസിദ്ധിയും ആദരവും ലഭിച്ചിരിക്കുന്നു.

അലങ്കാരങ്ങളിൽ ഉപമ, ഉൽപ്രേക്ഷ, രൂപകം, അതിശയോക്തി, ശ്ലേഷം, സ്വഭാവോക്തി, അർത്ഥാന്തരന്യാസം തുടങ്ങിയവ പ്രധാനങ്ങളാകുന്നു. ഇവയിൽ അധികം പ്രാധാന്യം ഉപമയ്ക്കാണ്. ഇതരാലങ്കാരങ്ങൾ ഏതെങ്കിലും വിധം ഉപമയുമായി ബന്ധം വഹിയ്ക്കുന്നവയായിരിക്കും; അവ ഉപമയുടെ വേഷാന്തരങ്ങൾ എന്നു പറഞ്ഞാൽ തെററു പിണയുന്നതല്ല. സഹൃദയന്മാരെ ആഹ്ലാദിപ്പിക്കുന്നതിന് അന്യാലങ്കാരങ്ങളിൽ കാണുവാൻ കഴിയാത്ത ഒരു വൈഭവം ഉപമയ്ക്കു വേറെയുണ്ടു്. ഈ കാരണങ്ങൾകൊണ്ടു് അലങ്കാരസമുദായത്തിൽ ഉപമയ്ക്കു് അഗ്ര്യസ്ഥാനം കല്പിതമായിരിക്കുന്നു.

രണ്ടു വസ്തുക്കൾക്കു സാധർമ്മ്യം കല്പിച്ചു, ഒന്നുപോലെ മറെറാന്നു എന്നു സാധിക്കുന്നതാണ് ഉപമ. ഉപമേയം ഉപമാനം എന്നിവ ഉപമയുടെ രണ്ടു പ്രധാനാംഗങ്ങളാണ്. ഏതിനെ ഉപമിയ്ക്കുന്നുവോ അതു ഉപമേയം. ഏതിനോടു ഉപമിക്കുന്നുവോ അതു ഉപമാനം. ഇവ രണ്ടിൻെറയും അതായതു ഉപമയുടെ മുഴുവനും ജീവനത്രേ ധർമ്മം. അതു 'ചേരുന്നപടിചേർക്കുന്ന'തിനു കവിയ്ക്കു നല്ല സാമർത്ഥ്യം വേണം. ഉപമാവാചകം അപ്രധാനമാകുന്നു. അതിനെ വർജ്ജിക്കുകയോ രൂപാന്തരേണ സൃഷ്ടിക്കുകയോ ചെയ്യാം. ഇവിടെ പ്രതിപാദിച്ച ഉപമയുടെ

സ്വഭാവം തന്മൂലകങ്ങളായ ഉൽപ്രേക്ഷാദ്യലങ്കാരങ്ങൾക്കും യഥോചിതം യോജിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉല്ക്കർഷം കുറഞ്ഞ വസ്തുക്കളെ ഉൽകൃഷ്ടങ്ങളായവയോടു ചേത്തിണക്കി ആദ്യം പറഞ്ഞവയ്ക്കു വൈശിഷ്ട്യം സാധിക്കുകയാകുന്നു ഉപമയുടെ പ്രയോജനം. അതുകൊണ്ടു് എപ്പോഴും ഉപമയിൽ ഉപമേയം അനുൽകൃഷ്ടമായ വസ്തുവും ഉപമാനം ഉൽക്കഷം ഏറിയതുമായിരിക്കും. 'ഉപമാനോപമേയസ്യ ഗുണലേശതഃ സാമ്യമുപമാ' എന്ന വാമനസൂത്രം ഇവിടെ സ്മരിക്കുന്നതു യുക്തമായിരിക്കും സൌന്ദര്യം കുറയുന്ന മുഖത്തിനു അതു അധികമുണ്ടെന്നു സാധിക്കുകയാണു്, അതിനെ ചന്ദ്രനോടു ഉപമിക്കുന്നതിന്റെ ഉദ്ദേശ്യം.

അഖണ്ഡമണ്ഡലഃ ക്വേന്ദുഃ ക്വ കാന്താമുഖമല്പതി

യൽ കിഞ്ചിൽ കാന്തി സാമാന്യാച്ഛശിനൈവോപമീയതേ

എന്നു ഭാമഹാചാര്യനും പറയുന്നു പരിപൂർണ്ണമണ്ഡലനായ ചന്ദ്രൻ എവിടെ ഇരിക്കുന്നു? നിഷ്പ്രഭമായ കാന്താമുഖം എവിടെ? ലവലുവായ കാന്തിസാദൃശ്യംകൊണ്ടു കാന്താമുഖത്തെ ചന്ദ്രനോടു ഉപമിക്കുന്നതാകുന്നു. നരഷഭൻ, പുരുഷവ്യാഘ്രൻ, നൃപചന്ദ്രൻ, നരദേവൻ, രാജഷി, സ്ത്രീരത്നം, കേശതമസ്സു, ഫാലചന്ദ്രൻ, ഗണ്ഡാദർശം, ഭുജലത, കാൽത്താർ, കരാബ്ജം, വാഗമൃതം, സ്മിതചന്ദ്രിക, രോഷാഗ്നി, പ്രതാപസൂര്യൻ, ദയാസമുദ്രം, മായാപാശം, മോഹാന്ധകാരം, ജ്ഞാനപ്രകാശം, സംസാരാബ്ധി, ശോകസിന്ധു, കരീന്ദ്രൻ, മൃഗരാജാവു എന്നിങ്ങനെ പലപ്രയോഗങ്ങളും സാഹിത്യലോകത്തിലും പ്രസിദ്ധങ്ങളായിട്ടുണ്ടല്ലോ. ഇവിടെയെല്ലാം ഉപമേയങ്ങളുടെ യഥാത്ഥസ്ഥിതി ഭാമഹൻ കാന്താനനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതുതന്നെ. എങ്കിലും അവയ്ക്കു ഉപമാനസമ്പക്കത്താൽ ഉല്ക്കർഷം സിദ്ധിക്കുന്നു.

അന്യാലങ്കാരങ്ങൾ ഉപമയുടെ രൂപാന്തരങ്ങൾ എന്നു മുൻപു പറഞ്ഞുവല്ലോ. ഈ അഭിപ്രായം അല്പംകൂടി സ്പഷ്ടമാക്കാം. മണ്ണുകൊണ്ടു കുടം, കലം, ചട്ടി മുതലായ വസ്തുക്കളും നൂലുകൊണ്ടു മുണ്ടു, പുതപ്പു, വിരിപ്പു, നേരിയതു, തോത്ത്, പുടക എന്നു തുടങ്ങിയ വസ്ത്രങ്ങളും നിമ്മിക്കുന്നു. ഉണ്ടാക്കുന്ന രീതിയിൽ അല്പമല്പം വ്യത്യാസം വരുത്തുന്നതുകൊണ്ടാകുന്നു നിമ്മിതങ്ങളായ വസ്തുക്കൾക്കു ആകൃതിവ്യത്യാസം സംഭവിക്കുന്നതു്. പുറമേ കാണുന്ന രൂപവ്യത്യാസം ഏതുവിധമായാലും ഘടാദികൾക്കു മണ്ണും വസ്ത്രങ്ങൾക്കു തന്തുവും ആശ്രയമായിരിക്കുന്നു. ഇതു

പോലെയാണ ഉപമേയോപമ, ഉൽപ്രേക്ഷ, അനന്വയം, പ്രതീപം സ്മൃതി, പരിണാമം, സന്ദേഹം, ഭ്രാന്തിമാൻ, ഉല്ലേഖം, അപഹ്നവം, തുല്യയോഗിത, രൂപകം, അപ്രസ്തുതപ്രശംസ, ദൃഷ്ടാന്തം, നിദൎശനം, ശ്ലേഷം എന്ന തുടങ്ങിയ അലങ്കാരങ്ങൾക്ക ഉപമ പരമമായ അടിസ്ഥാനമായി നില്ക്കുന്നതു്. കല്പനയിൽ ഉപയോഗിക്കുന്ന രീതിവ്യത്യാസംകൊണ്ട്. അവയുടെ ആകൃതിയ്ക്കും പ്രകൃതിക്കും ഭേദമുണ്ടെന്ന തോന്നുന്നതാകുന്നു. മുഖത്തെപോലെ ചന്ദ്രൻ (ഉപമേയോപമ), മുഖം മുഖത്തെപ്പോലെ (അനന്വയം), ചന്ദ്രനെ കണ്ടിട്ട മുഖത്തെ ഓൎമ്മിക്കുന്നു (സ്മൃതി), ഇതു മുഖമോ ചന്ദ്രനോ (സന്ദേഹം), ചകോരങ്ങൾ ചന്ദ്രനെന്ന വിചാരിച്ചു മുഖത്തെ അനുധാവനം ചെയ്യുന്നു (ഭ്രാന്തിമാൻ) മുതലായ ഉദാഹരണങ്ങൾ നോക്കുക. പ്രധാനമായ ഒരു ധൎമ്മത്തെ പലവിധത്തിൽ തിരിച്ചും മറിച്ചും കൂട്ടിയും കുറച്ചും ഉപയോഗിക്കുകയാണ ചെയ്തിരിക്കുന്നതെന്നും അങ്ങനെ സിദ്ധങ്ങളായ ഉപമേയോപമാനന്വയാദ്യലങ്കാരങ്ങളുടെ മൂലം ഉപമയുടെ മൎമ്മത്തിൽ നിബദ്ധമായിരിക്കുന്നു എന്നും ഇവിടെ പ്രദൎശിപ്പിച്ച ഉദാഹരണങ്ങളിൽനിന്ന എളുപ്പം ഗ്രഹിക്കുവാൻ കഴിയും. രൂപകശ്ലേഷാദികൾക്കും പല അലങ്കാരങ്ങളോടും ഓരോ വിധം ബന്ധം ഉണ്ട്. എന്നാൽ ഉപമയ്ക്കുന്നതുപോലെ അതു വിശാലമല്ല. അതുകൊണ്ട അലങ്കാരങ്ങളിൽ ഉപമയ്ക്കു പ്രഥമസ്ഥാനാവകാശം എന്ന സിദ്ധം.

പ്രധാനമായ ഓരോ അലങ്കാരത്തിനും, പലപ്പോഴും അപ്രധാനങ്ങളായവയ്ക്കും, അനേകം വിഭാഗങ്ങൾ ഉണ്ട്. ഉപമയുടെ ഒരു ഭാഗമാകുന്ന ലുപ്തോപമ. വൎണ്ണ്യം ഉപമാനം ധൎമ്മം ഉപമാവാചകം എന്നീ അംഗങ്ങളിൽ ഒന്നിന്റെയോ രണ്ടിന്റെയോ മൂന്നിന്റെയോ അനുപാദാനംകൊണ്ട അതു സംഭവിക്കുന്നു. വാചകലുപ്ത, ധൎമ്മലുപ്ത, ധൎമ്മവാചകലുപ്ത, വാചകോപമേയലുപ്ത, ഉപമാനലുപ്ത, വാചകോപമാനലുപ്ത, ധൎമ്മോപമാനലുപ്ത, ധൎമ്മോപമാനവാചകലുപ്ത, എന്ന ലുപ്തോപമ എട്ടുവിധം. ധൎമ്മി ധൎമ്മം ഫലം ഹേതു എന്നിവയെ ആശ്രയിച്ചു ഉൽപ്രേക്ഷ നാലുപ്രകാരം. വൎണ്ണ്യത്തേയും അവൎണ്ണ്യത്തേയും രണ്ടിനേയും ആശ്രയിച്ചു ശ്ലേഷത്തിന്ന മൂന്ന ഭേദങ്ങൾ വിധിച്ചിരിക്കുന്നു. പദച്ഛേദത്തെ ആസ്പദമാക്കി സഭംഗം അഭംഗം എന്നിങ്ങനെ വേറെയും ഭേദങ്ങൾ ഉണ്ട്. സാദൃശ്യം ആഭാസം രൂപിതം എന്നിവയെ ആശ്രയിച്ചു രൂപകം മൂന്നുപ്രകാരം; സാംഗം നിരംഗം പരമ്പരിതം എന്ന പ്രകാരാന്തരേണയും രൂപകത്തിന്ന മൂന്ന ഭേദങ്ങൾ കല്പിക്കപ്പെട്ടിരിക്കു

ന്നു. ഇവയുടെ ലക്ഷണാദികളെക്കുറിച്ചു പൂൎണ്ണമായ വിവരം ശാസ്ത്രങ്ങളിൽനിന്നു ഗ്രഹിക്കേണ്ടതാകുന്നു എന്നു ഇവിടെ ചുരുക്കി പറയുന്നതിനു മാത്രമേ സൌകൎയ്യമുള്ളു.

വടക്കുംകൂർ, രാജരാജവൎമ്മരാജാ.

## വിജനസ്തുതി.

വിജനമേ, ജനമേറുമൊരാദരാൽ
സുജനസേവ്യ, ഭവൽഗ്ഗുണമേൽക്കണം
അജനിഷേവണ ചെയ്വതിനീവിധം
ത്രിജഗതി പ്രിയമില്ലിതരസ്ഥലം. 1

സുചരിതം മമ സുസ്ഫുടമിന്നഹോ
വിചലിതം വിഷയങ്ങളിലെന്മനം
ഭൃശമൊതുക്കുവതിന്നൊരുബന്ധു നീ
വിശയമററു തുണക്കുമനുക്ഷണം. 2

തനയരോ തരളേക്ഷണതന്വിയോ
വിനയമേറിയ ശിഷ്യജനങ്ങളോ
ഇവനൊടിങ്ങിനെ വേർപിരിയാസ്സിൽ മേ
ഭുവനപാവന, നിന്നെ ലഭിക്കുമോ. 3

ഇവരിലേവരുമെന്തിനുമെപ്പൊഴും
നവരസത്തൊടൊരുങ്ങിയിരിക്കിലും
ഇവനിനിത്തവസേവനമൊന്നുതാൻ
ശിവമതാണു മതാനുഗുണം ദൃഢം. 4

ശിശുജനക്കളിയില്ലൊരു ശബ്ദമി-
ല്ല, ക്ഷുഭമില്ലൊരു കാഴ്ചയുമില്ല, തേ
അസുലഭം ഗുണമൊന്നിതൊഴിക്കുവാ-
നസുധരൎക്കൊരുവക്കുമുറക്കുമോ. 5

മനമൊതുക്കി മുറക്കു മുരാരിതൻ-
നിനവുറച്ചു നിരാശമിരുന്നു മേ
ഫലനരസത്തികവേൽക്കുവതിന്നു മേ-
ലനഘ, നിൻതുണ വേണമഹൎന്നിശം. 6

വിഷമയതാപമിയന്നുയരുന്നൊരീ
വിഷയസങ്കടമേൽക്കുവതേററവും
വിഷമ,മായതുനിൻതുണയേൽക്കിലോ
ധിഷണയിൽ പതിയാ യതിയാമിവൻ. 7

ഇവനു പിന്നെ വിവേകമിയന്നിട്ടും
ശിവദമാത്മവിബോധമുയന്നിട്ടും
നവരസത്തൊടജസ്മൃതി വന്നിട്ടും
തവഗുണം ചെറുതല്ലരുതോതുവാൻ. 8

ഹരിപദസ്മരണോദയമല്ലയോ
ശരിവഴിക്കു വരേണ്ടതു മർത്യനിൽ
അരിമയേന്തുമനഘചരിത്ര, നിൻ-
പരിചയം പരമത്ര സുഖായനം. 9

ഇതിമഹത്വമിയന്നൊരു നിന്നെ ഞാൻ
പതിവൊടത്ര നിനച്ചു ഭജിച്ചു താൻ
ഗതിവരുത്തുവ,നത്യസുഖം സുഹൃൽ-
തതിയൊടൊത്തിതരത്ര വിവത്തനം. 10

സാഹിത്യനിപുണൻ,
എം. കുഞ്ഞൻ വാരിയർ.

പുരാണകഥ

9848

# മൈത്രേയി.

ജ്ഞാനജന്യമായ ആസ്തികമതംപോലെതന്നെ അനാദിയൊ അനിശ്ചിതാദിയൊ ആയ ആദ്ധ്യാത്മികലോകചരിത്രം കൃത്യാകൃത്യവിവേകികളും വിനയികളുമായ പുണ്യാത്മാക്കളുടെ ജീവിതചയ്യയെ ആശ്രയിച്ചിരിയ്ക്കുന്നു. അങ്ങനെയുള്ള ഓരോ മഹദ്വ്യക്തിയുടെ ചരിതവും എന്നെന്നും മാഞ്ഞുപോകാത്തവിധം, ദയാലുക്കളായ നമ്മുടെ പൂവ്വികന്മാർ നമുക്കായി രേഖപ്പെടുത്തി വെക്കുകയും ചെയ്തിരിയ്ക്കുന്നു. അതീതകാലത്തിൽ ജീവിച്ചിരുന്നവരും ലോകത്തിൻെറ, അജ്ഞാതന്മാരായ നിയമകൎത്താക്കളുമായ അവരോടുള്ള പരിചയം നാം സമ്പാദിയ്ക്കുന്നത്, സാഹിത്യചരിതത്തിൽക്കൂടിയാണ്. ഏതു കാലത്തും മനുഷ്യലോകത്തിന്നു സഹജമായുണ്ടായിക്കൊണ്ടിരിയ്ക്കുന്ന വിവിധവിഷയങ്ങളിലുള്ള ജിജ്ഞാസയെ പൂരിപ്പിയ്ക്കുന്നതിനായി ആ പരമോപകാരികൾ ചെയ്തിട്ടുള്ള സ്ഥിരപ്രയത്നത്തിൻെറ സമ്പൂണ്ണതയെ ആണ് നാം സംസ്കാരമെന്നു പറയുന്നതു്. ഭാരതീയസംസ്കാരത്തിൻെറ പരമഫലവും അത്യുൽകൃഷ്ടവുമായ വേദസാഹിത്യം അവതരിച്ചതു് പ്രേക്ഷാവന്മൌലികളും നിൎഗ്ഗുണബ്രഹ്മത്തെ സാക്ഷാൽക്കരിച്ചവരുമായ മഹാമുനിമാരുടെ ശാന്തപാവനങ്ങളായ ആശ്രമങ്ങളിൽവെച്ചാണെന്നുള്ളത് സൎവ്വസമ്മതവുമാണ്.

വേദകാലമെന്നറിയപ്പെടുന്ന ആ പുരാതനകാലത്ത് പലശാഖകളായി പ്രവഹിയ്ക്കുന്ന ഗംഗ, സിന്ധു മുതലായ നദീതീർത്ഥങ്ങളുടെ തീരപ്രദേശങ്ങളെല്ലാം തപോവനങ്ങളായിരുന്നു. ആ തപോവനങ്ങളിൽ വസിച്ചിരുന്ന തപോധനന്മാരുടെ തത്വചിന്തയുടെ ഫലമാണ് ഇന്നത്തെ ഭാരതീയ സാഹിത്യം. വേദം, ബ്രാഹ്മണം, ഉപനിഷത്ത്, പുരാണം, കാവ്യം എന്നിങ്ങനെ സാഹിത്യത്തിന്നുള്ള വിവിധപന്ഥാക്കളിൽവെച്ച് പ്രഥമഗണനീയവും സർവ്വപ്രധാനവുമായ വേദം, ഋക്, യജുസ്സ്, സാമം, അഥർവ്വണം എന്നിങ്ങനെ നാലായി പിരിഞ്ഞു് പിന്നീട് പല അവാന്തരവിഭാഗങ്ങളോടുകൂടി സകല മതാചാരങ്ങളിലും വർണ്ണാശ്രമങ്ങളിലുമുള്ള ധർമ്മതത്വങ്ങളെ പ്രതിപാദിച്ചു് ഏകവും യഥാർത്ഥവുമായ ആത്മതത്വത്തെ നമുക്കുപദേശിയ്ക്കുന്നു. ഇതിലൊരു വിഭാഗമായ ശുക്ലയജുർവ്വേദത്തിൻെറ ഏതാനും ഭാഗമാകുന്നു ബൃഹദാരണ്യോപനിഷത്ത്. ഈ ഉപനിഷത്തിലെ നാലാമദ്ധ്യായം അഞ്ചാം ബ്രാഹ്മണത്തിലാണ്, യാജ്ഞവൽക്യ മഹർഷിയുടെ സഹധർമ്മചാരിണിയും ബ്രഹ്മവാദിനിയുമായ മൈത്രേയിയുടെ പാവനാപദാനങ്ങൾ സംഗ്രഹിച്ചിരിയ്ക്കുന്നതു്. ഉപനിഷൽസാരാർത്ഥപ്രതിപാദകമായ ആത്മപുരാണത്തിൽ മൈത്രേയിബ്രാഹ്മണസാരാർത്ഥപ്രകാശം എന്ന ഏഴാമദ്ധ്യായത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ഞാൻ ഈ ലഘുലേഖനം നിർമ്മിച്ചിരിയ്ക്കുന്നതു്.

അർത്ഥപ്രധാനങ്ങളായ ഭാരതാദി മഹാപുരാണങ്ങൾ മഹാത്മാക്കളുടെ ജീവചരിത്രങ്ങളുദാഹരിച്ചു ധർമ്മാധർമ്മങ്ങളുപദേശിയ്ക്കുന്നു. സൃഷ്ടിവർഗ്ഗത്തിൽ മനുഷ്യനും മനുഷ്യനിൽ മനസ്സിനും മനസ്സിൽ ഉൽകൃഷ്ടചിന്തയ്ക്കും ഉത്തരോത്തരം പ്രാമാണ്യം കല്പിച്ച്, അനന്തരകാലീനന്മാരുടെ ചിന്തയെ യഥാർത്ഥലക്ഷ്യത്തിലേയ്ക്കു നയിയ്ക്കുക എന്ന വിശിഷ്ടകർമ്മം പ്രശസ്തമായി നിർവ്വഹിച്ച പുരാണലോകത്തിലെ നിത്യസുമംഗലികളായ നായികമാരുടെ മാതൃകാസഹോദരീസ്ഥാനത്തെ സംസാരബന്ധമോചനരൂപമായ ചതുർത്ഥ (മോക്ഷ) പുരുഷാർത്ഥസമ്പാദനത്താൽ അലങ്കരിയ്ക്കുന്ന ഉപനിഷദ്ദേവിയായ മൈത്രേയി, ബ്രഹ്മവിദ്യയുടെ പ്രഥമപ്രചാരകനും വിദേഹരാജർഷിയുടെ പണ്ഡിതസദസ്സിലെ സർവ്വാധിപതിയുമായ യാജ്ഞവൽക്യമഹർഷിയുടെ ധർമ്മപത്നിയും ബ്രഹ്മവിദ്യാവിഷയത്തിൽ ആ ഋഷിവര്യൻെറ ശിഷ്യോത്തമയും അരുന്ധതി, അനസൂയ, ലോപാമുദ്ര, ഗാർഗ്ഗി, സുലഭ മുതലായ മഹനീയ വനിതാലോകത്തിൻെറ സമാരാധനയെ സർവ്വഥാ അർഹിക്കുന്ന ജീവന്മുക്തയായ ഒരു ബ്രഹ്മവാദിനിയുമായിരുന്നു. ആ ഉപനിഷദ്ദേവി, മോക്ഷമാർഗ്ഗത്തിലെ കെടാ

വിളക്കായി പ്രകാശിയ്ക്കുന്ന ജ്ഞാനം, നിത്യവും നിരുപാധികവുമാണെന്നും ആ ധൎമ്മാനുഷ്ഠാനമാകുന്ന കൎത്തവ്യത്തിൽ സ്ത്രീപുരുഷഭേദമില്ലെന്നും വ്യക്തമായി കാട്ടിത്തന്നു. ആ ബ്രഹ്മവാദിനിയുടെ പാവനനാമം ഇന്നും ആദ്ധ്യാത്മികഭാരതത്തെ ബ്രഹ്മാനന്ദത്തിൽ അവഗാഹനംചെയ്യിയ്ക്കുന്നു. മദ്ധ്യമാധികാരികളായ മുമുക്ഷുക്കൾക്ക് ആത്മവിദ്യോപദേശം ചെയ്യേണ്ടതായ രീതിയെ ഭഗവാൻ യാജ്ഞവൽക്യമഹൎഷി തന്റെ പ്രിയപത്നിയായ മൈത്രേയിവഴിക്കാണ് ലോകത്തിൽ പ്രചാരപ്പെടുത്തിയത്. എന്നാൽ ആ പതിദേവതയുടെ സൎവ്വസ്വവും യാജ്ഞവൽക്യമുനിയുടെ ഹിതാധീനമായിരുന്നതിനാൽ ആ കുടുംബിനിയുടെ സ്വരൂപജ്ഞാനമുണ്ടാകുന്നതിന്ന് ആ ഋഷിവൎയ്യന്റെ സാമാന്യജ്ഞാനമെങ്കിലും അത്യാവശ്യമാകുന്നു.

സാക്ഷാൽ വൈശമ്പായനമഹൎഷിയുടെ ശിഷ്യോത്തമനും വാജസനേയകൻ എന്നുകൂടി പേരുള്ളവനുമായ യാജ്ഞവൽക്യൻ കുട്ടിക്കാലം മുതൽക്കുതന്നെ ജ്ഞാനിയും വിരക്തനുമായിരുന്നു. യാദൃച്ഛികമായി ബ്രഹ്മഹത്യാപരിഭ്രുതനായ ഗുരുവിന്റെ കോപത്തെ ഭയന്ന് തന്റെ വിദ്യ മുഴുവനും മടക്കിക്കൊടുക്കേണ്ടിവന്നപ്പോൾ അജ്ഞതാനിബിഡമായ തന്റെ കഷ്ടസ്ഥിതിയെക്കുറിച്ചു ബോധംവന്ന യാജ്ഞവൽക്യൻ ആദിത്യഭഗവാനെക്കുറിച്ചു തപസ്സുചെയ്തു. സത്യപ്രകാശനും കൎമ്മസാക്ഷിയുമായ ആ ചേതനാദാതാവ് പ്രത്യക്ഷനായിട്ട് സ്വഭക്തന്റെ ഹിതമനുസരിച്ച് യാജ്ഞവൽക്യന് "ബ്രഹ്മവിദ്യ" എന്ന അപരനാമത്തോടുകൂടിയ വേദവിദ്യയെ ഉപദേശിച്ചനുഗ്രഹിച്ചു. ഇപ്രകാരം പ്രഥമാശ്രമമായ ബ്രഹ്മചൎയ്യത്തെ യഥാവിധി തരണംചെയ്തു സൂൎയ്യശിഷ്യനായ അദ്ദേഹം നാലാമത്തേതായ സന്ന്യാസാശ്രമത്തെ സ്വീകരിക്കാനൊരുങ്ങി. അപ്പോൾ ജ്ഞാനദാതാവായ ആദിത്യഭഗവാൻ സ്വശിഷ്യനോട് ഇപ്രകാരം കല്പിച്ചു:—"നീ ഗൃഹസ്ഥാശ്രമം സ്വീകരിയ്ക്കുകയും ബ്രഹ്മവിദ്യാപ്രദായികളായ വംശപരമ്പരകൾ വഴിക്കു ബ്രഹ്മവിദ്യക്കു പ്രചാരവും പ്രതിഷ്ഠയും വരുത്തുകയും ലോകത്തിൽ ബ്രഹ്മവിദ്യാഗുരുവായിത്തീരുകയും വേണം. ഇതാണ് എനിക്കുള്ള ഗുരുദക്ഷിണ. പിന്നീടു നിനക്കു സന്ന്യാസാശ്രമം സ്വീകരിക്കുകയും ചെയ്യാം." എന്നിപ്രകാരമുള്ള ഗുരുശാസനത്തെ ശിരസാ വഹിച്ചുകൊണ്ട് രണ്ടാമതൊരു ആദിത്യനെപ്പോലെ തേജഃസ്വരൂപനായ യാജ്ഞവൽക്യമഹൎഷി ഗുരുദേവന്റെ ആജ്ഞാപ്രകാരം സ്വഭവനത്തിൽ തിരിച്ചുവന്ന്, തന്റെ പിതാവിന്റെ ആജ്ഞയെയനുസരിച്ച് "സമാവൎത്തനം" മുതലായ

ശ്രൌതസ്മാൎത്തകൎമ്മങ്ങളെല്ലാം നിൎവ്വഹിച്ചശേഷം വിദേഹമഹാരാജാവിനെ സന്ദൎശിച്ചു. ആ രാജശ്രേഷ്ഠന്റെ പണ്ഡിതസദസ്സിൽവച്ചു തദാനീന്തനന്മാരായ സകല പണ്ഡിതന്മാരേയും വാദത്തിൽ തോല്പിച്ച് തദ്വാരാ വളരെ ധനം സമ്പാദിച്ചു. എന്നുതന്നെയല്ല ആ രാജൎഷിയുടെ അദ്ധ്യാത്മവിദ്യോപദേഷ്ടാവായ ആചാൎയ്യനായും ഭവിച്ചു. അനന്തരം മിത്രയു എന്ന ഋഷിയുടെ പുത്രിയായ മൈത്രേയിയേയും കാത്യായനപുത്രിയായ കാത്യായിനിയേയും വിവാഹംചെയ്ത് സപത്നീകനായി അഗ്നിഷ്ടോമാദി യാഗങ്ങളും വിധിപ്രകാരം അനുഷ്ഠിച്ചു. ഇപ്രകാരം ബ്രഹ്മചൎയ്യംകൊണ്ട് ഋഷിപ്രസാദവും, അഗ്നിഷ്ടോമാദികൊണ്ടു ദേവപ്രസാദവും സമ്പാദിച്ച ആ ഗുരുശാസനാനിരതൻ ആത്മവംശപരമ്പരാദ്വാരാ ആത്മവിദ്യയെ പ്രചരിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി "സൎവ്വോപകാരക്ഷമമായ" ദ്വിതീയാശ്രമത്തിൽ ചിരകാലം അസക്തനായിരുന്നുകൊണ്ടുതന്നെ സുഖമനുഭവിച്ചു.

സുകുമാരികളും സുശീലകളുമായ അദ്ദേഹത്തിന്റെ ആ രണ്ടു പത്നിമാരിൽ യഥാൎത്ഥസ്ത്രീസ്വഭാവിനിയായ കാത്യായിനി ഗൃഹകൃത്യങ്ങളിൽ സദാ നിരതയും പരാരാധനപണ്ഡിതയുമായി പതിയേയും പതിസംബന്ധികളേയും യഥാവിധി പരിചരിച്ചും സൽക്കരിച്ചും ധനധാന്യാദികളിൽ സംതൃപ്തയായും കാലം നയിച്ചു. എന്നാൽ യാജ്ഞവൽക്യനെപ്പോലെത്തന്നെ ജന്മനാ ലൌകികവിഷയങ്ങളിൽ വിരക്തയായിരുന്ന മൈത്രേയിയാകട്ടെ, "പതിഃ സൎവ്വത്ര നാരീണാം പ്രഥമഃ പ്രോച്യതേ ഗുരുഃ" എന്ന തത്വമനുസരിച്ച് പതിയെ അനുവൎത്തിയ്ക്കുക എന്ന സ്വധൎമ്മത്തിൽ സശ്രദ്ധയായും മിഥ്യാഭൂതമായ ലൌകികസുഖത്തിൽ അത്യന്തം വിരക്തയായും ഏതു സമയത്തും "കോഹം" (ഞാനാര്), "കിമാത്മികാ" (എന്തു സ്വരൂപത്തോടുകൂടിയവൾ), കസ്മാദേനം ലോകമുപാഗതാ" (എവിടെനിന്നു ഈ ലോകത്തിലേക്കു വന്നു?) "കുത്ര സ്ഥിതാമയാ കിഞ്ച ഗന്തവ്യം മരണേ സതി" (മരണം സംഭവിക്കുമ്പോൾ ഞാൻ എവിടെ സ്ഥിതിചെയ്യും, ഏതു ഗതിയെ പ്രാപിക്കും) എന്നിങ്ങനെയുള്ള ചിന്തകളോടുകൂടിത്തന്നെ ജീവിതം നയിച്ചുവന്നു. മൈത്രേയിയുടെ മേൽപ്രകാരമുള്ള മനോഭാവത്തെ സൂക്ഷ്മദൎശിയായ യാജ്ഞവൽക്യമഹൎഷിക്കു വ്യക്തമായിട്ടറിവുണ്ടായിരുന്നതിനാൽ അദ്ദേഹം ലൌകികകാൎയ്യങ്ങൾ എല്ലാം ഗൃഹദേവതയായ കാത്യായിനിവഴിക്കു നിൎവ്വഹിച്ചുവന്നു. എന്നുതന്നെയല്ല ബ്രഹ്മവിദ്യാപ്രചരണപ്രതിഷ്ഠാപനങ്ങളാകുന്ന ഗുരുദേവശാസനത്തെ സച്ഛിഷ്യപാരമ്പൎയ്യവഴിക്കും തന്റെ

ഔരസസന്തതി വഴിക്കും നിർവ്വിഘ്നമായി നിർവ്വഹിക്കുകയും ചെയ്തു. അനന്തരം ഭൌതികബന്ധത്തിലുറച്ചിരിക്കുന്ന ഗൃഹസ്ഥജീവിതത്തിൽ അത്യന്തം വിരക്തനായിത്തീൎന്നിരുന്നവനും നിസ്തീൎണ്ണപ്രതിജ്ഞനുമായ ആ വരിഷ്ഠബ്രഹ്മൎഷി വീണ്ടും ചതുൎത്ഥാശ്രമസ്വീകാരത്തിലുള്ള സ്ഥിരനിശ്ചയത്തോടുകൂടി മൈത്രേയിയെ വിളിച്ചിപ്രകാരം പറഞ്ഞു—"അയേ! മൈത്രേയി! ഞാൻ വൃദ്ധനായിരിയ്ക്കുന്നു. വേദവിദ്യാപ്രചരണത്തിന്നുള്ള ശിഷ്യപരമ്പരകളും എനിയ്ക്കുണ്ടായിക്കഴിഞ്ഞു. ഗുരുകല്പനാധീനനായി ഗൃഹസ്ഥാശ്രമം സ്വീകരിച്ച ഞാൻ കൎത്തവ്യാനുഷ്ഠാനത്തിന്നുശേഷവും എന്റെ വിയോഗത്തിൽ നിങ്ങൾ ഖിന്നകളാകുമല്ലോ എന്ന വിചാരത്താൽ വളരെക്കാലം വ്യൎത്ഥമാക്കിത്തീൎത്തു. പത്നി, പുത്രൻ, ജാതകൎമ്മം, വിദ്യാഭ്യാസം, സ്നുഷ, പൌത്രമുഖദൎശനം എന്നിങ്ങനെയുള്ള ആശാബന്ധത്തിന്നവസാനമില്ലാത്തതും ദുരിതാനുഭവങ്ങൾ നിറഞ്ഞതുമായ ഗൃഹബന്ധത്തെ ഞാൻ ഉപേക്ഷിച്ചിരിയ്ക്കുന്നു. ഞാൻ ആൎജ്ജിച്ച ധനമെല്ലാം നിങ്ങൾക്കു രണ്ടാൾക്കും വിഭജിച്ചുവച്ച് വനത്തിലേക്കു പോകുവാൻ നിശ്ചയിച്ചിരിയ്ക്കുന്നു."

ഭൎത്താവിന്റെ ഈമൽപ്രകാരമുള്ള നിശ്ചയത്തെ കേട്ടപ്പോൾ വിവേകവൈരാഗ്യാദി സാധനസമ്പന്നയായ മൈത്രേയി, സ്വഭൎത്താവായ ബ്രഹ്മൎഷിമുഖ്യനോടു ഇപ്രകാരം ചോദിച്ചു. "അല്ലയോ ഭഗവാനേ! ഈ ഭൂമി മുഴുവൻ ധനംകൊണ്ടു പരിപൂൎണ്ണമാക്കി എനിയ്ക്കു കിട്ടുന്നതായാൽപോലും ഞാൻ അതുകൊണ്ടു അമൃതയായി(മരണധൎമ്മമില്ലാത്തവളായി) ഭവിക്കുമോ?"എന്ന്. അതിന്നു യാജ്ഞവൽക്യമഹൎഷി പറഞ്ഞ മറുപടി "ഒരിയ്ക്കലുമില്ല. പലവിധ സുഖോപകരണങ്ങളോടുകൂടിയവരുടെ ജീവിതംപോലെ നിന്റെ ജീവിതവും ലൌകികസൌഭാഗ്യങ്ങളോടുകൂടിയതായിത്തീരും. വിത്തംകൊണ്ട് ഒരാളും അമൃതത്വത്തെ പ്രാപിയ്ക്കുന്നതല്ല." മൈത്രേയി—അമൃതത്വത്തെ പ്രാപിയ്ക്കുവാൻ ഉപയുക്തമല്ലാത്ത ധനംകൊണ്ടു ഞാൻ എന്താണ് ചെയ്യേണ്ടത്? അതിനാൽ മരണധൎമ്മമില്ലാതായി ഭവിയ്ക്കുവാൻ വല്ല മാൎഗ്ഗവുമുണ്ടെങ്കിൽ ഭഗവാൻ അറിയുന്നതിനെ എനിയ്ക്കുപദേശിച്ചുതന്നാൽ മതി. എനിയ്ക്കു നശ്വരമായ ധനംകൊണ്ടു യാതൊരാവശ്യവുമില്ല.

മൈത്രേയിയുടെ ഈ വാക്കു കേട്ടിട്ടു ജ്ഞാനോപദേശത്തിന്ന് ഒരു സൽപാത്രലാഭം ഉണ്ടായതിനാൽ പരമസന്തുഷ്ടനായ ആ യാജ്ഞവൽക്യമഹൎഷി തന്റെ പ്രിയപത്നിയോടു താഴെ പറയുംപ്രകാരം പറഞ്ഞു.

"അയേ മൈത്രേയി! നീ നമുക്ക് ഏററവും പ്രിയപ്പെട്ടവളാകുന്നു. എന്നുതന്നെയല്ല ആ പ്രീതിയെ വൎദ്ധിപ്പിച്ചുകൊണ്ടുമിരിയ്ക്കുന്നു. അഹോ! മൈത്രേയി! അതാണ് ഭവതിക്കാഗ്രഹമെങ്കിൽ "അമൃതത്വ" പ്രാപ്തിക്കുള്ള ഉപായത്തെ ഭവതിയ്ക്കു ഞാൻ ഉപദേശിച്ചുതരാം. ഞാൻ വിവരിച്ചുപദേശിയ്ക്കുന്നതിൽ ഭവതി ഏകാഗ്രചിത്തയായിരുന്നു ശ്രദ്ധിച്ചുകൊൾക." എന്നുപറഞ്ഞു് ആ ഋഷിവൎയ്യൻ—"നവാ അരേ! പത്യുഃ കാമായ പതിഃപ്രിയോ ഭവത്യാത്മനസ്തു കാമായ പതിഃപ്രിയോഭവതി" എന്നു തുടങ്ങി "വിജ്ഞാതാരമരേ! കേന വിജാനീയാദിത്യുക്താനുശാസനാസി മൈത്രേയ്യേതാവദരേ! ഖല്വമൃതത്വം" എന്നവസാനിയ്ക്കുന്ന മന്ത്രങ്ങൾകൊണ്ടു തന്റെ പ്രിയതമയ്ക്കു് സച്ചിദാനന്ദലക്ഷണമായ ആത്മാവിന്റെ അപരോക്ഷാനുഭൂതി നിഷ്പ്രയാസം സിദ്ധിക്കത്തക്കവിധത്തിൽ ബ്രഹ്മോപദേശംചെയ്തു് ആ പുണ്യശാലിനിയെ അനുഗ്രഹിച്ചു ബ്രഹ്മവിദ്യോപലബ്ധിയാൽ കൃതകൃത്യയായി ഭവിച്ച ആ പാവനതപസ്വിനി ജീവന്മുക്താവസ്ഥയെ പ്രാപിച്ചു്, ലോകത്തിൽ സഞ്ചരിച്ചുകൊണ്ടു് ഗുൎവ്വനുഗ്രഹസിദ്ധമായ ജ്ഞാനാഗ്നിയിൽ തന്റെ കൎമ്മജാലത്തേയും അനാദിസിദ്ധമായ വാസനാജാലത്തേയും തന്നിമിത്തമുണ്ടായതായ തനുഭവനഭ്രാന്തിയേയും നിശ്ശേഷം ആഹുതിചെയ്തു ദഹിപ്പിയ്ക്കുകയും ദാഹ്യാഭാവത്താൽ ജ്ഞാനാഗ്നിയും ശാന്തമായപ്പോൾ "തത്ത്വമസ്യാ"ദി മഹാവാക്യതത്വാനുഭവസ്വരൂപമായ നിഷ്കളബ്രഹ്മരൂപത്തെ പ്രാപിച്ചു്, പരനിവൃതിയടയുകയുംചെയ്തു.

തെക്കെ അമ്പാടിയിൽ മീനാക്ഷി അമ്മ.,
തൃപ്പൂണിത്തുറ.

---

പുസ്തകാഭിപ്രായം

## ശാസ്ത്രസരണി.

ഗ്രന്ഥകൎത്താ: കെ. പി. കുവലക്കാട്ട്,
ടീച്ചർ, സെൻറ് ആൻറണീസ് L. S, സ്കൂൾ, മൂക്കനൂർ. (വില 5ണ.)

ശാസ്ത്രീയമായ വിവിധവിഷയങ്ങളെപ്പററി സമുചിതമാംവണ്ണം എഴുതി ജനങ്ങൾക്ക് ജ്ഞാനസമ്പാദനമാൎഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്ന ഗ്രന്ഥങ്ങൾ സുലഭമായി ഉണ്ടായിത്തുടങ്ങീട്ടുണ്ടു്. ഇക്കൂട്ടത്തിൽ പെടുത്താവുന്ന ഒരു നല്ല പുസ്തകമാണ് ശാസ്ത്രസരണി. സിനിമയും ഫോളിവുഡ്ഡും, പ്രഥമശുശ്രൂഷയും പാമ്പിൻവിഷവും, മണ്ണിലും മണലിലും സ്വൎണ്ണം, വിററാമിനും അരിയുടെ വെളുപ്പും, റേഡിയോ, ടെലിവിഷൻ ഇങ്ങനെ ആറു വിഷയങ്ങളാണ് ഇതിലടങ്ങീട്ടുള്ളതു്. ഏവരും അറിഞ്ഞിരിക്കേണ്ടതായ പല നല്ല ഭാഗങ്ങളും സുലളിതമായ ഭാഷയിലാണ് പ്രതിപാദിച്ചിട്ടുള്ളതു്. ഗ്രന്ഥകൎത്താവിന്റെ അവിശ്രമപരിശ്രമംകൊണ്ടു് അനേകം മഹാഗ്രന്ഥങ്ങൾ ഉണ്ടാകുവാനും തന്നിമിത്തം അദ്ദേഹത്തിന്നു് ശോഭനമായ ഭാവി അരുളുവാനും സൎവ്വശക്തൻ കടാക്ഷിയ്ക്കുമാറാകട്ടെ.